**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3576** **15-02-2024 - ൽ മറുപടിയ്ക്ക്**

**ഗൃഹശ്രീ ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഗൃഹശ്രീ ഭവന പദ്ധതി വഴി 2022-23-ൽ എത്ര വീട്ടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; ഈ പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ എത്ര വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട്; വിശദമാക്കാമോ; | (എ) | ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം 2022 -23 ൽ പാലക്കാട് ജില്ലയിൽ 77 വീടുകൾ ഉൾപ്പെടെ 362 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട് . |
| (ബി) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾക്ക് സമീപം നടപ്പിലാക്കുന്ന ആശ്വാസ് വാടക വീട് പദ്ധതി പ്രകാരം 2022-23-ൽ നടപ്പിലാക്കിയ പദ്ധതിയെ സംബന്ധിച്ച വിശദവിവരം നൽകാമോ? | (ബി) | 2022-23 സാമ്പത്തിക വർഷത്തിൽ പത്തനംതിട്ട ജില്ലയിൽ കോന്നി മെഡിക്കൽ കോളേജിന് സമീപവും, കോട്ടയം മെഡിക്കൽ കോളേജിന് സമീപവും ആശ്വാസ് വാടക വീട് പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ പദ്ധതി നടപ്പിലാക്കുന്നതിനു അനുയോജ്യമായ സ്ഥലം ബോർഡിന് താൽകാലികമായി കൈമാറി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്ഥലം ലഭ്യമാകുന്നതനുസരിച്ച് ടി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.<br><br>എന്നാൽ കോന്നി മെഡിക്കൽ കോളേജിന് സമീപം പദ്ധതി നടപ്പിലാക്കുന്നതിനായി സ്ഥലം ലഭിക്കുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചുവെങ്കിലും ഇതുവരെയും ബോർഡിന് സ്ഥലം ലഭിച്ചിട്ടില്ല. ആയതിനാൽ ടി പദ്ധതി ബോർഡിന് നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ